ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണബാങ്കുകൾക്ക് നബാർഡിന്റെ പുനർവായ്പ ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; നബാർഡിന്റെ മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എപ്രകാരമാണ് പ്രതികൂലമായി ബാധിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) 1998 മുതൽ നാളിതുവരെ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് നബാർഡിന്റെ പുനർവായ്പ ലഭിച്ചതെന്നും വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) നബാർഡിന്റെ മിനിമം ഇൻവോൾവ്മെന്റ് നിബന്ധന അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകളുടെ ഇന്റേണൽ ലെൻഡിബിൾ റിസോഴ്സിന്റെ 40 ശതമാനവും സംസ്ഥാന സഹകരണ ബാങ്കിന്റെ ഇന്റേണൽ ലെൻഡിബിൾ റിസോഴ്സിന്റെ 25 ശതമാനവും ഹ്രസ്വകാല കാർഷിക വായ്പയായി നൽകണം. അതിനുമുകളിൽ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ നൽകുന്ന വായ്പ തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ നബാർഡ് പുനർവായ്പ നൽകുകയുള്ളൂ. ഹ്രസ്വകാല കാർഷിക വായ്പകൾ നബാർഡിൽനിന്നും കുറഞ്ഞ പലിശ നിരക്കിലാണ് ലഭിച്ചുവരുന്നത്. ജില്ലാ സഹകരണ ബാങ്കുകൾ ഉയർന്ന പലിശ നിരക്കുകൾ നിക്ഷേപങ്ങൾക്ക് നൽകി സ്വരൂപിക്കുന്ന ഫണ്ട് താരതമ്യേന കുറഞ്ഞ നിരക്കുകൾ മാത്രം ഈടാക്കാവുന്ന കാർഷിക വായ്പകളായി വിതരണം ചെയ്യേണ്ടിവരുന്നു. അതിനാൽ പുനർവായ്പ ലഭിക്കാത്തതു കാരണം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി)1998 മുതൽ നാളിതുവരെ ഒരു ജില്ലാ സഹകരണ ബാങ്കിനും കാർഷിക വായ്പകൾക്ക് നബാർഡിന്റെ പുനർവായ്പ ലഭിച്ചിട്ടില്ല.

15 (*325) കോളേജുകളിൽ പുതിയ കോഴ്സുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷം സംസ്ഥാനത്തെ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് വിവിധ യൂണിവേഴ്സിറ്റികളിൽനിന്നുള്ള ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കേരള സർവകലാശാലയുടേയും മഹാത്മാഗാന്ധി സർവകലാശാലയുടേയും ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നുമുള്ള ശുപാർശകൾ ലഭിച്ചശേഷം മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളൂ.

16 (*326) വിദ്യാർത്ഥിരാഷ്ട്രീയ നിരോധനം

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥിരാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവിനുശേഷം സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ തലത്തിൽ വിദ്യാർത്ഥി സമരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമരങ്ങളുടെ കാര്യത്തിലുണ്ടായിട്ടുള്ള കുറവ്, വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ചതുമൂലമാണെന്ന് കരുതുന്നുണ്ടോ;

(ഡി) കോടതിവിധി ചോദ്യം ചെയ്ത് ഗവൺമെന്റ് അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരത്തിൽ തീരുമാനമെടുക്കാനുണ്ടായ കാരണം വിശദീകരിക്കുമോ;

(എഫ്) കേസിന്റെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അത്തരത്തിലുള്ള നിഗമനത്തിലെത്തുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി) ഒ.പി. 10046/96 എന്ന വിധിന്യായത്തിനെതിരെ ഹൈക്കോടതിയിൽ ഡബ്ല്യൂ.എ./1936/96 ആയി അപ്പീൽ ഫയൽ ചെയ്തിരുന്നു.

(ഇ) കെ.ഇ.ആർ. പ്രകാരം ഹെഡ്മാസ്റ്റർമാരുടെ അധികാരം നിലനിറുത്താനാണ് പ്രധാനമായും അപ്പീൽ നൽകിയത്.

(എഫ്) അപ്പീലിൽ ഹൈക്കോടതി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

17 (*327) സഹകരണ പ്രസ്ഥാനം

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly